ഉത്തരം

(എ) സാധാരണ ജനങ്ങൾക്കുമേൽ അധിക ഭാരമുണ്ടാകാത്ത തരത്തിലാണ് പുതിയ നികുതി നിർദ്ദേശം വിഭാവനം ചെയ്തിട്ടുള്ളത്. അതിനാൽ ഇത്തരം ആക്ഷേപങ്ങൾക്ക് അടിസ്ഥാനമില്ല.

(ബി) നിലവിലുള്ള സാമ്പത്തിക ഞെരുക്കം കുറയ്ക്കുന്നതിനായി സർക്കാർ വിവിധ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 19-9-2014-ലെ സ.ഉ (പി) നമ്പർ 399/2014/ധന ഉത്തരവ് പ്രകാരം റവന്യൂ കടിശ്ശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ഓരോ ജില്ലയിലും മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ മേൽനോട്ട സമിതികൾ രൂപീകരിച്ചു. 10-11-2014-ലെ സ.ഉ (പി) നമ്പർ 482/2014/ധന പ്രകാരം നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു 19-9-2014-ലെ സ.ഉ. (പി) നമ്പർ 409/2014/ധന പ്രകാരം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകരണത്തിനായി വരുന്ന ആറുമാസത്തിനുള്ളിൽ 1000 കോടി രൂപയെങ്കിലും ധനവിപണിയിൽ നിന്ന് സമാഹരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുവാനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(സി) ഇല്ല.

മാവേലിക്കര മണ്ഡലത്തിൽ തെക്കേക്കര ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം.

139 (2377) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പി.ഡബ്ല്യു.ഡി. എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച് ധനകാര്യ വകുപ്പിൽ നിന്നും ഭരണാനുമതി ലഭ്യമായ തെക്കേക്കര ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം പ്രാവർത്തികമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ ;

(ബി) ഈ പ്രവൃത്തി പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗത്തിന് ഡെപ്പോസിറ്റ് വർക്കായാണ് ലഭിച്ചിട്ടുള്ളത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന്, പി.ഡബ്ല്യു.ഡി.-ക്ക് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിനുള്ള ധനകാര്യ വകുപ്പിൽ നിന്നുള്ള അനുമതി അടിയന്തരമായി ലഭ്യമാക്കുമോ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) ഈ പ്രവൃത്തി പി.ഡബ്ല്യു.ഡി.-ക്ക് ഡെപ്പോസിറ്റ് വർക്കായി നൽകുന്നതിന് എൽ. എസ്. ജി. ഡി. കത്ത് ലഭ്യമാക്കിയിട്ടുണ്ടോ ; ഫയൽ നമ്പർ ലഭ്യമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) മാവേലിക്കര നിയോജകമണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് PWD എഞ്ചിനീയറിംഗ് വിഭാഗമാണ്. ആയതിനാലാണ് 3-6-2014-ലെ 54/2014/ Fin ഉത്തരവുപ്രകാരം ടി പ്രവർത്തി PWD-ക്ക് ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിനും ഇതിലേക്കാവശ്യമായ തുക 4515-00-800-96 ഹെഡിൽ നിന്നും പിൻവലിച്ച് PWD-ക്ക് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിനുള്ള അനുമതി നൽകി, 10-7-2014-ൽ G.O. (Rt) No. 1784/2014/LSGD പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളത്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

(സി) പ്രവൃത്തി നടപ്പാക്കുന്നതിന് ധനാനുമതി നൽകിയിട്ടുള്ളതിനാൽ തുടർ നടപടികൾ സ്വീകരിക്കേണ്ടത് നിർവ്വഹണ വകുപ്പായ തദ്ദേശസ്വയംഭരണ വകുപ്പാണ്.

(ഡി) എൽ.എസ്.ജി.ഡി.-യിൽ നിന്നും കത്ത് ലഭിച്ചിട്ടില്ല.

മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികൾ

140 (2378) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന്, ധനകാര്യ വകുപ്പിന്റെ അനുമതിക്ക് സമർപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും ഫയൽ നമ്പറുകളും ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നു വിശദമാക്കുമോ ;

(സി) ഈ പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly